ISSN: 2249-7862 (Print): 2455-877X (Online)
www.aureoleonline.in

# പാരിസ്ഥിതിക വീക്ഷണവും പ്രാദേശികതയും: കൊട്ടിയൂർ ഉത്സവത്തെ മുൻനിർത്തിയുള്ള അന്വേഷണം

ശാലിനി രാമചന്ദ്രൻ
അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം
സി എം എസ് കോളേജ് കോട്ടയം
*Emaill:Saliniramachandran93@gmail.com

**താക്കോൽവാക്കുകൾ**: മിത്ത്, പ്രാദേശികത, പരിസ്ഥിതിശാസ്ത്രം, ഇടം

## ആമുഖം:

പശ്ചിമഘട്ടപ്രദേശങ്ങൾ അവയുടെ ജൈവവൈവിധ്യം കൊണ്ടും അനവധിയായ സസ്യ ജീവജാലങ്ങളെക്കൊണ്ടും സമ്പന്നമാണ്. അവയോടിണങ്ങി ജീവിച്ചിരുന്ന ഗോത്രവിഭാഗങ്ങൾ ഇന്ന് നിർബന്ധിത പരിവർത്തനങ്ങളുടെയും കുടിയിറക്കലിന്റെയും പ്രതിസന്ധി കളെ അഭിമുഖീകരിക്കുന്നു. മാധവ്ഗാഡ്ഗിൽ റിപ്പോർട്ട്, അതിനെ തുടർന്നു വന്ന കസ്തൂരിരംഗൻ റിപ്പോർട്ട് തുടങ്ങിയവയുടെ ഫലമായാണ് പരിസ്ഥിതിയെ ക്കുറിച്ചുള്ള ഗൗരവപൂർണ്ണമായ ചർച്ചകൾ കേരളത്തിൽ രൂപപ്പെട്ടിട്ടുള്ളത്. വയനാട് ജില്ലയിലെ പരിസ്ഥിതിലോല പ്രദേശങ്ങളോട് ചേർന്ന് നിൽക്കുന്നതും കണ്ണൂർ ജില്ലയിൽ ഉൾപ്പെടുന്നതുമായ സ്ഥലങ്ങളാണ് ആറളം, കൊട്ടിയൂർ, ചെറുവാഞ്ചേരി എന്നിവ. ഇവിടങ്ങളിൽ ജനതാമസകേന്ദ്രങ്ങൾ വരെ പശ്ചിമഘട്ടത്തിൽ ഉൾപ്പെടുന്നുണ്ട്. കുടിയിറക്ക ലിന്റെ ഈ അനിവാര്യതയ്ക്കെതിരെ ആദ്യഘട്ടങ്ങളിൽ ജനപ്രതിഷേധങ്ങൾ ഉണ്ടായി. എങ്കിലും ഇന്ന് പരിസ്ഥിതി സംരക്ഷണനീക്കങ്ങൾക്ക് അനുചിതമായ രീതി യിൽ പരിവർത്തനപ്പെടാൻ ഗ്രാമവാസികൾ തയ്യാറാകുന്നുണ്ട്. എന്നാൽ ഇവിടങ്ങളിൽ തനതായ ആചാരരീതികളും ജീവിതരീതികളുമായി ജീവിക്കുന്ന കുറിച്യർ, പണിയർ തുടങ്ങിയ സമുദായങ്ങളിൽപ്പെട്ടവർ ധാരാളമുണ്ട്. അവരുടെ പാരമ്പര്യരീതികൾ കൈമോശപ്പെട്ടുകൊണ്ടിരികൊണ്ടിരിക്കുകയും, മാറ്റങ്ങൾക്ക് വിധേയരാകാൻ നിർബന്ധി തരാവുകയും ചെയ്യുന്നു. "പ്രദേശത്തെ കുറിച്ചുള്ള പഠനം ഗഹനവും ഗൗരവതരവുമായ സംസ്കാര വിചിന്തനങ്ങളിലേക്കും നൈതികവിചാരത്തിലേക്കും രാഷ്ട്രീയ ജാഗ്രതക ളിലേക്കും ഭാഷയുടെയും ചിന്തയുടെയും ഉറവിടങ്ങളിലേക്കും ഉൾക്കാഴ്ചകളിലേക്കും നവീകരണത്തിലേക്കും കൂടി നമ്മെ നയിക്കും" (അജയ് ശേഖർ,2018:99). വിശ്വാസങ്ങളെ കുറിച്ചുള്ള നിരീക്ഷണ ങ്ങളും നിഗമനങ്ങളും വിവിധ പഠന മേഖലകളുടെ വികാസ ത്തിനും പരിസ്ഥിതിസംരക്ഷണത്തിനുമെല്ലാം ആക്കം കൂട്ടുന്നവയാണെന്ന് നിസംശയം പറയാം.

## പിന്നോക്ക സമുദായക്കാരുടെ അസ്തിത്വനിർമ്മിതിയുടെ ഇടങ്ങൾ

ഒരിക്കൽ കുറിച്യ സമുദായത്തിൽപ്പെട്ട ഒരാൾ കൊട്ടിയൂർ വനത്തിനുള്ളിൽ നായാട്ടിറങ്ങിയപ്പോൾ അമ്പിന് മൂർച്ച കൂട്ടുവാൻ ഒരു കല്ലിൽ ഉരച്ചു. അതിൽനിന്നും രക്തം വരുന്നത് കണ്ട അദ്ദേഹം അവിടെയുള്ള മണത്തണ ദേശത്തെത്തുകയും പ്രധാന തറവാട്ടുകാരണവരോട് വിവരം പറയുകയും ചെയ്തു. അങ്ങനെയാണ് വനത്തിനു ള്ളിലെ ക്ഷേത്ര സാന്നിദ്ധ്യം തിരിച്ചറിഞ്ഞതെന്നാണ് ഐതിഹ്യം. പിന്നോക്കസമുദായത്തിൽ പ്പെട്ട വ്യക്തിയാൽ അനാവൃതമാക്കപ്പെട്ട ഈ ഐതിഹ്യകഥ ജാതിവെറിയുടെ നിഷേധ പാഠത്തെക്കൂടിയാണ് വിനിമയം ചെയ്യുന്നത്. കേരളത്തിൽ ഏറ്റവും അധികം ആളു ളുകൾ വന്നുപോകുന്ന ഉത്സവമാണ് കൊട്ടിയൂരിലേത്. ബാവലിപ്പുഴയുടെ തീരത്തുള്ള ഈ ഗ്രാമത്തിലെ പ്രധാന ശിവക്ഷേത്രമാണിത്. അക്കരെ കൊട്ടിയൂർ ക്ഷേത്രത്തിൽ ഇടവമാസത്തിലെ ചോതി നക്ഷത്രം തൊട്ട് മിഥുനത്തിലെ ചിത്തിര നക്ഷത്രം വരെയുള്ള 27 നാളുകളിലാണ് വൈശാഖ മഹോത്സവം നടക്കുന്നത് (മെയ്- ജൂൺ). ഈ 28 ദിവസങ്ങ ളൊഴിച്ചുള്ള സമയത്താണ് ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിൽ കാര്യമായ ചടങ്ങുകൾ നടക്കാറുള്ളത്. അതായത് രണ്ടിടത്തും ഒരേ സമയം പൂജാവിധികൾ നടത്താറില്ല.

മനുഷ്യർക്ക് പ്രവേശനമില്ലാത്ത നിബിഡ വനഭൂമിക ഇക്കരെ കൊട്ടിയൂരിനോട് ചേർന്ന് പരിപാലിക്കപ്പെടുന്നു. ശിവഭൂതഗണങ്ങളുടെ വിഹാര കേന്ദ്രമെന്നാണ് ഈ വനമേഖല അറിയപ്പെടുന്നത്. പ്രകൃതിയെ ഈശ്വരസങ്കല്പത്തോട് ചേർത്തുനിർത്തികൊണ്ട് ഭയ ഭക്തിയാൽ പരിപാലിച്ചിരുന്ന പ്രാചീനജനതയുടെ ക്രാന്തദർശനബോധ്യങ്ങളെ ആധുനിക മനുഷ്യൻ പുറംതള്ളിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, വിശ്വാസങ്ങളോട് ബന്ധപ്പെടുത്തിക്കൊണ്ട് പ്രകൃതിസംരക്ഷണമൂല്യങ്ങളെ കൈമാറ്റം ചെയ്യുകയാണിദേശം. 1970കളോ ടെ വികാസം പ്രാപിച്ച പരിസ്ഥിതിദർശനം (eco philosophy) നാല് ശാഖകളായിട്ടാണ് നിലനിൽക്കുന്നത്. ഗഹന പരിസ്ഥിതി വാദം (Deep ecology ), പാരിസ്ഥിതിക സ്ത്രീവാദം )Eco feminism ), പാരിസ്ഥിതിക മാർക്സിസം (Eco Marxism), സാമൂഹ്യ പരിസ്ഥിതി വാദം (Social ecology) എന്നിവയാണവ. ഇതിൽ സാമൂഹ്യപരിസ്ഥിതി വാദത്തോട് ബന്ധപ്പെടുത്തികൊണ്ട് ഈ ഉത്സവാചാരങ്ങളെ നിരീക്ഷിക്കാനാകും. മനുഷ്യർ അവന്റെ ചുറ്റുമുള്ള പരിസ്ഥിതിയോട് എങ്ങനെ ഇടപെടുന്നുവെന്നും ഈ ഇടപെടൽ സമൂഹത്തേയും പരിസ്ഥി തിയേയും എങ്ങനെ സ്വാധീനിക്കുന്നുവെന്നും ഇവിടെ പഠിക്കാനാകും.

**ഐതിഹ്യകഥകളിലെ പരിസ്ഥിതിബന്ധങ്ങൾ**

'പാലുകാച്ചിമല' എന്നൊരു പ്രദേശം കൊട്ടിയൂരിൽ ഉണ്ട്. പാലുകാച്ചി മലയുടെ താഴ്‌വരയിലാണ് കൊട്ടിയൂർ അമ്പലം സ്ഥിതി ചെയ്യുന്നത്. മുന്നൂറ് കിലോമീറ്ററോളം വനത്തിലൂടെ സഞ്ചരിച്ചാലാണ് പാലുകാച്ചി മലയുടെ മുകളിലെത്താൻ കഴിയുക. എക്കോ ടൂറിസത്തിന്റെ ഭാഗമായുള്ള ട്രക്കിംഗ് മുതലായ സൗകര്യങ്ങൾ ഇന്നവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. ശിവ-പാർവതിമാർ പ്രണയപൂർവ്വം അവിടെ താമസിച്ചിരുന്നതുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യം പാലുകാച്ചി മലയ്ക്കുണ്ട്. പാർവതി ദേവിയെ പ്രണമിച്ച മൂന്ന് കുന്നുകളെ അടുപ്പുകല്ലായി ഉപയോഗിച്ച് പാലുകാച്ചിയിരുന്നുവെന്ന വിശ്വാസമാണ് പാലുകാച്ചി മലയുടെ പിന്നിലുള്ളത്. ജൈവവൈവിധ്യത്താൽ സമ്പന്നമായ ഇവിടെ മഴക്കാലങ്ങളിൽ പാൽ തിളച്ചുതൂവുന്നതുപോലെ നുരഞ്ഞു പതഞ്ഞൊഴുകുന്ന വെള്ളച്ചാലുകൾ രൂപംകൊള്ളുന്നു. "പലപ്പോഴും 'സാമൂഹ്യ'ത്തെ തന്നെയാണ് ജനങ്ങൾ 'ദൈവിക'ത്തിലേക്ക് പ്രക്ഷേപിക്കുന്നത്"(കെ സച്ചിദാനന്ദൻ,2021:491). വിശ്വാസങ്ങളെയും ഐതിഹ്യങ്ങളെയും അതിസൂക്ഷ്മ വിശകലനം നടത്തുമ്പോൾ ജനജീവിതത്തിന്റെ സാമൂഹിക പശ്ചാത്തല ത്തെയും പാരിസ്ഥിതിക മണ്ഡലത്തെയും കൂടി പഠിക്കുവാനാകും.

കൊട്ടിയൂരിന് സമീപപ്രദേശങ്ങളിലെ സ്ഥലനാമങ്ങൾക്കും ഐതിഹ്യപരമായ ബന്ധങ്ങളുണ്ട്. ദക്ഷിയാഗത്തിൽ പങ്കെടുക്കാൻ പുറപ്പെട്ട സതീദേവി തന്റെ ഭർത്താവായ ശിവനെ വിളിക്കാത്തതിനുള്ള കോപത്താൽ ഇരുന്ന സ്ഥലമാണ് മൂർച്ചിലക്കാവ് എന്ന് അറിയപ്പെടുന്നത്. ദക്ഷയാഗം നടക്കുന്ന സ്ഥലം എത്താനായോ എന്ന് ദേവി നീണ്ടുനോക്കിയ സ്ഥലമാണ് നീണ്ടുനോക്കി എന്നറിയപ്പെടുന്നത്. പതിയുടെ വിരഹത്താൽ കണ്ണീരോടെ ചാരിയിരുന്ന സ്ഥലം കണിച്ചാർ എന്ന് അറിയപ്പെടുന്നു. യാഗശാലയിലേക്കുള്ള വഴിയിൽ ചുങ്കം അടയ്ക്കേണ്ടി വരികയും ആ സ്ഥലം പിന്നീട് ചുങ്കക്കുന്ന് ആവുകയും ചെയ്തു.

അക്കരെ കൊട്ടിയൂർ ക്ഷേത്രത്തിൽ ഓരോ വർഷത്തേയും ഉത്സവസമയത്തേക്ക് മാത്രം നിർമ്മിക്കുന്ന പ്രകൃതിസൗഹൃദ പർണശാലകളല്ലാതെ മറ്റ് വാസ്തുനിർമ്മിതികളൊന്നുമില്ല. ഉത്സവസമയത്തല്ലാതെ മനുഷ്യർക്ക് പ്രവേശനം വിലക്കിയിട്ടുള്ള ഇവിടെ, ദേവന്മാരും ഭൂതഗണങ്ങളും പൂജകൾ ചെയ്യുന്നുവെന്നാണ് വിശ്വാസം. അതുകൊണ്ട് തന്നെ ഓരോ ഉത്സവസമയത്തും കാടുമൂടിയ ഇടങ്ങൾ വെട്ടിയൊരുക്കി ഓലമേഞ്ഞ പുരകൾ നിർമ്മിക്കുന്നു.

മനുഷ്യാഹങ്കാരത്തിന്റെ പതനത്തിന്റെയും, വിദ്വേഷരഹിത സ്നേഹത്തിന്റെയും കൂടി ഇടമായി കൊട്ടിയൂരിന്റെ മിത്തിനെ കാണാം. അതോടൊപ്പം പരിസ്ഥിതിയിനിന്ന കന്നുകൊണ്ട് മനുഷ്യമാത്ര നിലനിൽപ്പ് അസംഭവ്യമാണെന്ന ആശയവും പങ്കുവയ്ക്കപ്പെടുന്നു. പുരാണത്തിലെ ദക്ഷയാഗവുമായി ബന്ധപ്പെട്ടാണ് അക്കരെ കൊട്ടിയൂർ ക്ഷേത്രത്തിന്റെ ഐതിഹ്യം. പിതാവായ ദക്ഷന്റെ താല്പര്യത്തിനെതിരായി സതി കൈലാസവാസനായ ശിവനെ പരിണയിക്കുന്നു. കോപിഷ്ഠനായ ദക്ഷൻ ശിവനേയും സതിയേയും മാത്രം ക്ഷണിക്കാതെ യാഗം നടത്തുന്നു. പ്രിയജനങ്ങളെ കാണുന്നതിനായി സതി ദക്ഷയാ

ഗഭൂമിയിലെത്തുന്നു. എന്നാൽ ദക്ഷയാഗഭൂമിയിൽ വച്ച് പിതാവിൽ നിന്നും കൊടിയ അപമാനവും, ശിവാക്ഷേപങ്ങളുംകേട്ട് മനം നൊന്ത് സതി യാഗത്തീയിൽ ചാടി ആത്മാഹൂതി ചെയ്യുന്നു. ഈ സ്ഥലമാണ് ഇന്ന് അമ്മാറക്കല്ല് എന്നറിയപ്പെടുന്ന തറ. ഇവിടെ ചെറിയ ഓലക്കുടയ്ക്ക് കീഴിൽ ദീപം തെളിയിച്ച് ആരാധനകൾ നടക്കുന്നു. സതിയുടെ ജീവത്യാഗമറിഞ്ഞ ശിവൻ തന്റെ അനുയായിയായ വീരഭദ്രനെ യാഗഭൂമിയിലേക്ക് അയക്കുന്നു. യാഗം അലങ്കോലപ്പെടുത്തി, ദക്ഷന്റെ തല വീരഭദ്രൻ അറുത്തെടുക്കുന്നു. പിന്നീട് ദുഃഖിതനും കോപിതനുമായ ശിവൻ സതി ആത്മാഹൂതി ചെയ്തതിന് സമീപം സ്വയംഭൂവായി നിലകൊണ്ടു. തടാകത്തിന്റെ മദ്ധ്യത്തിൽ, അമ്മാറക്കല്ലിനോട് ചേർന്ന മണിത്തറയിലാണ് ശിവലിംഗസ്വയംഭൂ പ്രതിഷ്ഠ. പുഴയിലെ കല്ലുകൾ ഉപയോഗിച്ച് കെട്ടിയുണ്ടാക്കിയതാണ് ഈ തറകൾ. ജലത്താൽ വലയം ചെയ്യപ്പെട്ട ഈ ക്ഷേത്രത്തിൽ എല്ലാതരത്തിലുമുള്ള പ്രദക്ഷിണങ്ങൾ നടത്തുന്നതും ജലത്തിലൂടെയാണ്.

യാഗപൂർത്തീകരണം സംഭവിക്കാത്തതിനാൽ അനിഷ്ടങ്ങളുണ്ടാവുകയും യാഗപൂർത്തീകരണത്തിന് ദക്ഷനെ ആടിന്റെ തല വെച്ച് പുനർജീവിപ്പിക്കുകയും ചെയ്തു എന്നാണ് വിശ്വാസം. ഉത്സവസമയത്ത് ഓട(മുള)കൊണ്ട് പ്രത്യേക രീതിയിൽ നിർമ്മിച്ചെടുക്കുന്ന ഓടപ്പൂവ് (bamboo flower) എന്നറിയപ്പെടുന്ന വെള്ളനാരുകൾ ദക്ഷന്റെ താടിയാണെന്ന വിശ്വാസത്തോടെ ജനങ്ങൾ വാങ്ങിക്കുകയും വീടുകളിൽ തൂക്കുകയും ചെയ്യാറുണ്ട്. ഓടപ്പൂനിർമ്മാണം തികച്ചും പരിസ്ഥിതി സൗഹൃദമായതാണ്. വെള്ളത്തിലിട്ട് സംസ്കരിച്ച് പ്രത്യേകതരം കമ്പിച്ചീർപ്പുകൊണ്ട് ചീകിയെടുക്കുന്ന ഓടകൾ വർഷങ്ങളോളം കേടുകൂടാതെയിരിക്കുകയും ചെയ്യും. ഇവ നിർമ്മിക്കുന്നതിൽ പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമാണ്. ഓരോവർഷത്തേയ്ക്കും ഓടപ്പൂ നിർമ്മിക്കുന്നതിന് വനവകുപ്പിന്റെ അനുമതിവാങ്ങിയശേഷമാണ് മുളകൾ ശേഖരിക്കുന്നത്. ഉത്സവാഘോഷത്തിന് മുൻപേ മുള പരിപാലനങ്ങൾ ആരംഭിക്കുന്നു. ഓരോ വർഷത്തേയും ഉത്സവത്തിന് ശേഷം അടുത്തതിനായി കാത്തിരിക്കുന്നതിനോടൊപ്പം മുളകൃഷിയും സജീവമാകുന്നു. ആഘോഷ-വിശ്വാസങ്ങൾക്കപ്പുറമായി പരിസ്ഥിതിപരിപാലന ശ്രമങ്ങൾക്ക് പ്രാധാന്യം നൽകുന്നു, വൈശാഖോത്സവമെന്ന കൊട്ടിയൂർ ഉത്സവം.

## മിത്തും ചടങ്ങുകളും: പാരിസ്ഥിതിക വീക്ഷണം

ലോകമെമ്പാടുമുള്ള ഭൂരിഭാഗം മതവിഭാഗങ്ങളും പരിസ്ഥിതിയോട് ചേർന്ന് നിൽക്കുന്ന സമീപനമാണ് പുലർത്തുന്നത്. ബൈബിളിൽ, അദ്ധ്യായം 3ലെ വാക്യം 19 ൽ 'മനുഷ്യപുത്രന്മാർക്ക് സംഭവിക്കുന്നത് മൃഗങ്ങൾക്കും സംഭവിക്കുന്നു. ഒരുവൻ മരിക്കുന്നതുപോലെ, മറ്റവനും മരിക്കുന്നു.' എന്ന് പറയുന്നുണ്ട്. അതേപോലെ ബുദ്ധമതത്തിലും ജീവന്റെ നിലനിൽപ്പിന് പരിസ്ഥിതിയോടുള്ള ആദരവ് പ്രധാന ഘടകമായി കണക്കാക്കുന്നു. ഭൂമിയെയും അതിലെ ജീവജാലങ്ങളെയും പരിരക്ഷിക്കാൻ ബാധ്യസ്ഥനായാണ് ഇസ്ലാം മതം മനുഷ്യനെ കാണുന്നത്.

ഓരോ വർഷവും പൂർത്തിയാക്കാതെ നിർത്തുന്ന പൂജകളോടെയാണ് അക്കരെ കൊട്ടിയൂർ ഉത്സവം അവസാനിക്കുന്നത്. അടുത്ത കൊല്ലം അതിന്റെ തുടർപൂജകളോടെ ആരംഭിക്കുകയും ചെയ്യുന്നു. തുടർച്ചകളുടെ ജാഗ്രതയും, വിട്ടുകൊടുക്കലിന്റെ സംയമനവും ഈ ഉത്സവത്തിന്റെ സവിശേഷതയാണ്. അക്കരെ കൊട്ടിയൂരിൽ ഓരോ വർഷത്തേയും ഉത്സവചിട്ടകൾ നിശ്ചയിക്കുന്നത് പ്രക്കൂഴം ചടങ്ങോടുകൂടിയാണ്. അവലളവ്, നെല്ലളവ് എന്നിവക്ക് ശേഷം ക്ഷേത്ര അടിയന്തിരക്കാരായ ഊരാളന്മാർ, കണക്കപ്പിള്ള, സമുദായി എന്നിവരുടെ നേതൃത്വത്തിൽ ഉത്സവത്തിന്റെ നാളുകളും സമയക്രമങ്ങളും കുറിക്കുന്നു. പിന്നീട് നീരെഴുന്നള്ളത്ത് ചടങ്ങിനായി ഒരു സംഘം പടിഞ്ഞീറ്റ നമ്പൂതിരിയുടെയും സമുദായി ഭട്ടതിരിപ്പാടിന്റെയും ഒറ്റപ്പിലാൻ എന്ന കുറിച്യസ്ഥാനികന്റെയും നേതൃത്വത്തിൽ ബാവലിയിൽ സ്നാനം നടത്തി കാട്ടുകൂവയിലയിൽ ബാവലിതീർത്ഥം ശേഖരിക്കും. പാത്രത്തിലല്ല തീർത്ഥം ശേഖരിക്കുന്നതെന്ന പ്രത്യേകത ഇവിടെ കാണാം. ഈ തീർഥവുമായി അക്കരെക്ഷേത്രത്തിൽ എത്തുകയും ബാവലിതീർത്ഥം സ്വയംഭൂവിലും

മണിത്തറയിലും തളിച്ച് ശുദ്ധിവരുത്തുകയും ചെയ്യും. സ്വയംഭൂ വിഗ്രഹം കണ്ടെത്തിയതിനെ അനുസ്മരിച്ചു നടത്തുന്ന ചടങ്ങാണിത്. അതുപോലെ ഭക്തർക്ക് പ്രസാദം നൽകുവാൻ മലവാഴയുടെ ഇല ഉപയോഗിക്കുന്നു. ഉത്സവകാലം അല്ലാത്തപ്പോഴും അക്കര കൊട്ടിയൂരിന്റെ പരിപാലകരായി നിൽക്കുന്നത് കുറിച്യ വിഭാഗമാണ് വിഭാഗമാണ്. വയനാട്ടിലെ മുതിരേരിക്കാവിൽ നിന്നും കൊണ്ടുവരുന്ന വാള് എഴുന്നള്ളിപ്പാണ് മറ്റൊരു ചടങ്ങ്. ദക്ഷനെ കൊന്നത് ഈ വാളുകൊണ്ടാണ് എന്ന വിശ്വാസത്തോടൊപ്പം ഉത്സവത്തിന്റെ പാരസ്പര്യഭാവം കൊണ്ട് ദേശാതിർത്തികളെ ഭേദിക്കാനും സാധിക്കുന്നു. പച്ചിലകൾ പൊതിഞ്ഞ് കാൽനടയായി കൊണ്ടുവരുന്ന വാൾ, ആഢ്യഭാവത്തിന്റെയല്ല, സാധാരണക്കാരുടെ പ്രതിരോധത്തിന്റെ അടയാളമായാണ് മാറുന്നത്.

മലബാറിലെ തിയ്യസമുദായക്കാർ വ്രതശുദ്ധിയോടെ കൊണ്ടുവരുന്ന ഇളനീരുകൾ ശിവലിംഗത്തിനു മേൽ അഭിഷേകം ചെയ്യുന്ന ചടങ്ങാണ് ഇളനീരാട്ടം എന്നറിയപ്പെടുന്നത്. ഉത്സവത്തിന്റെ ആദ്യ 11 ദിനങ്ങളിൽ കോപാകുലനായിരിക്കുന്ന ശിവന്റെ കോപം ശമിപ്പിക്കുന്നു ഇളനീർ. ഹരിതപരിസ്ഥിതിയുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ഇടപെടൽ ഉത്സവചടങ്ങുകളിൽ ആദ്യാവസാനം പ്രകടമാണ്. നെയ്യ്, പാൽ എന്നിവയാൽ യഥാക്രമം അഭിഷേകം ചെയ്തിട്ടുംശാന്തനാവാതെ, ഒടുവിൽ പ്രകൃതിയിൽ, മണ്ണിലല്ലാതെ കാണുന്ന ജലത്താലാണ് ശിവ കോപം മാറുന്നത്. അത്യന്തമായ ദുഃഖത്തിനു വരെ പ്രകൃതിയിൽ നിന്ന് പരിഹാരം ലഭിക്കുന്നുവെന്ന സൂചന ഇവിടെയുണ്ട്. സർവ്വ ചരാചരങ്ങളേയും നിയന്ത്രിക്കുന്ന ദൈവത്തിനുവരെ പ്രശ്നപരിഹാരമാർഗ്ഗങ്ങൾ ലഭിക്കുന്നത് പ്രകൃതിയിൽ നിന്നാണ്.

കുറിച്യ വിഭാഗത്തിലെ സ്ഥാനികനായ ഒറ്റപ്പിലാണ് ഇവിടുത്തെ ആദ്യ അഭിഷേകം നടത്തേണ്ടത്. ഉത്സവകാലത്തേക്ക് മാത്രമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അളവ് നല്കുന്നത് ആശാരിയാണ്. ഓലക്കുടകൾ നിർമ്മിക്കുന്നത് കണിയാൻമാരും അഭിഷേകത്തിനുള്ള നെയ് കൊണ്ടുവരുന്നത് നായർ വിഭാഗക്കാരുമാണ്. ഇളനീരാട്ടത്തിന്റെ ഇളനീർ എഴുന്നള്ളിക്കേണ്ടത് തീയ്യ വിഭാഗക്കാരും വിളക്കുതിരി കൊണ്ടുവരേണ്ടത് വണ്ണത്താന്മാരുമാണ്. ഇപ്രകാരം, സ്വത്വത്തെ നിഷേധിക്കുകയല്ല, അംഗീകരിക്കുകയാണ് വേണ്ടത് എന്ന പാഠം ജാതി സ്വരൂപങ്ങളെ മുൻനിർത്തികൊണ്ട് തന്നെ വ്യക്തമാകുന്നു. തൊലി നിറത്തിനോ സാമ്പത്തികനിലയ്ക്കോ അല്ല, തൊഴിലിടങ്ങളുടെ മഹത്വത്തെ പ്രസ്താവിക്കുന്ന രീതിയിലാണ് ഇവിടെ ജാതിയെ സ്വീകരിച്ചിരിക്കുന്നത്.

കേരളത്തിലെ മറ്റ് ക്ഷേത്രങ്ങളിൽ കാണാത്ത ചടങ്ങാണ് ആലിംഗന പുഷ്പാഞ്ജലി അഥവാ രോഹിണി ആരാധന. സതിയെ നഷ്ടപ്പെട്ട ശിവനെ ബ്രഹ്മാവ് ചേർത്തു നിർത്തി ആശ്വസിപ്പിക്കുന്നതിന്റെ സ്മരണയ്ക്കാണ് ആലിംഗന പൂജ. പുഷ്പവൃഷ്ടി നടത്തി, പൂജാരി ഇരുകൈകളാലും വിഗ്രഹത്തെ ചുറ്റിപ്പിടിച്ച് തല വിഗ്രഹത്തോട് ചേർത്തു പിടിക്കുന്നതാണിത്. ദൈവത്തെ ആലിംഗനചെയുന്ന മനുഷ്യൻ, പ്രകൃതിയെ തന്നെയാണ് വണങ്ങുന്നത്. മിത്തുകൾ മനുഷ്യന്റെ സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ടവയാണ്. അതായത് ഭൂതകാലവും വർത്തമാനകാലവും തമ്മിലുള്ള വേർതിരിവ് ഇല്ലാതാകുകയും പുരാണങ്ങൾ യാഥാർഥ്യമെന്ന നിലയിൽ വർത്തിക്കുകയും ചെയ്യുന്നു. "പ്രകൃതിയുമായി പുതിയ ബന്ധങ്ങൾ സൃഷ്ടിക്കുന്ന ഒരു പുതിയ സമൂഹത്തിന്റെ നിർമ്മിതിക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ നമുക്ക് സാങ്കല്പിക രൂപങ്ങൾ ആവശ്യമാണ്"(എൻ എം പിയേഴ്സൺ, 2005:142). എന്ന ആശയത്തോട് ബന്ധപ്പെടുത്തി വായിക്കുമ്പോഴാണ് കൊട്ടിയൂർ ഉത്സവത്തെ കുറിച്ചുള്ള പഠനത്തിന്റെ പ്രാധാന്യവും പ്രസക്തിയും ഏറുന്നത്

## ഉപസംഹാരം

പരിസ്ഥിതി സന്തുലനവും മനുഷ്യ കേന്ദ്രിതവാദത്തിന്റെ നിരാകരണവും സാധ്യമാകുന്നതിനോടൊപ്പം ഹരിത ആത്മീയത (Eco spirituality) യും ഇവിടെ കാണാം. പരിസ്ഥിതിയും മനുഷ്യനും തമ്മിലുള്ള ആത്മീയബന്ധത്തിന്റെ സാധ്യതയ്ക്ക് ഉത്തമ ഉദാഹരണമാണ് കൊട്ടിയൂർ വൈശാഖമഹോത്സവം. പരിസ്ഥിതി കേന്ദ്രിതമായ മിതഭോഗ സംസ്കാരവും സ്വാതിക ശൈലിയും വിഭാവനം ചെയ്യുന്നതിനോടൊപ്പം വിനയത്തിന്റെ

പാരസ്പര്യബന്ധംകൂടി ഇവിടെ വ്യക്തമാകുന്നു. ആന്തരിക-ബാഹ്യ മേഖലകളിലെല്ലാം മുതലാളിത്ത കാലഘട്ടം പിടിമുറുക്കുമ്പോൾ അതിനെതിരെയുള്ള പ്രതിരോധങ്ങളും പ്രതിഷേധങ്ങളും സാധ്യമാകുന്നതിന് ഇത്തരത്തിലുള്ള പരിസ്ഥിതികേന്ദ്രിത വിശ്വാസങ്ങൾ ഒരു പരിധിവരെ സഹായകമാകുന്നുണ്ട്.

**അവലംബം**

അജയ് ശേഖർ."സംസ്കാര പഠനവും പ്രദേശ പഠനവും: പേരാറും ഓരങ്ങളും പേരുകളും".2018.സംസ്കാരപഠനം പുതിയസങ്കല്പനങ്ങൾ, പി എസ് രാധാകൃഷ്ണൻ, വി സി ഹാരിസ്,കോട്ടയം:സാഹിത്യപ്രവർത്തകസഹകരണസംഘം.

എം പി പരമേശ്വരൻ.2017.പരിസ്ഥിതി എന്നാൽ, തൃശ്ശൂർ: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.

എൻ എം പിയേഴ്സൺ.2005.പരിസ്ഥിതി പ്രത്യയശാസ്ത്രവും മാർക്സിയൻ പ്രതിസന്ധിയും,കോട്ടയം:കറന്റ് ബുക്സ്.

കെ സച്ചിദാനന്ദൻ.2021.ഇടപെടലുകൾ,പട്ടാമ്പി:ലോഗോസ് ബുക്സ്.

https://www.indiatimes.com/explainers/news/gadgil-report-on-western-ghats-ecology-cop26-553094.html. 12/01/